ഏലം ഇപ്പോൾ നട്ടിട്ടുണ്ട്. തിരഞ്ഞെടുത്ത കുടുംബങ്ങളെ താൽക്കാലിക ഷെഡ്ഡിൽ പാർപ്പിച്ചിരിക്കുന്നു. സ്ഥിരം വീടുകൾ നിർമ്മാണ ഘട്ടത്തിലാണ്. ഫോറസ്റ്റ് ട്രിബ്യൂണലിന്റെ മുമ്പാകെ ഒരു കേസ് ഉള്ളതിനാൽ ഗുണഭോക്താക്കൾക്കു ഭൂമി ഇതുവരെ പതിച്ചു കൊടുത്തിട്ടില്ല. ഫോറസ്റ്റ് ട്രിബ്യൂണലിന്റെ വിധി എതിരായാലും ഈ സ്ഥലം പൊന്നുംവിലയ്ക്ക് ഏടുക്കാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്.

5. പാൽ ശീതീകരണ യന്ത്രങ്ങൾ സ്ഥാപിക്കൽ:

നെയ്യാറ്റിൻകര, പത്തനംതിട്ട, മീനച്ചിൽ, ചിറ്റൂർ, എന്നിവിടങ്ങളിൽ 4 പാൽ ശീതീകരണ യന്ത്രങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതിയാണ്. ഇതിനുള്ള ഉപകരണങ്ങൾ മിക്കവാറും വാങ്ങിയിട്ടുണ്ട്.

6. ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകൽ:

ഇടുക്കി ജില്ലയിലേയും മണ്ണാർക്കാടു താലൂക്ക് ഒഴികെ 15 താലൂക്കുകളിൽ ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾക്ക് സഹായധനം നൽകുന്ന ഒരു പദ്ധതി 1977-78 -ൽ നടപ്പാക്കി. ഈ പദ്ധതി പ്രകാരം 136 സഹകരണ സംഘങ്ങൾക്കു പ്രവർത്തന മൂലധനമായി 5 ലക്ഷം രൂപാ നൽകി മേൽപറഞ്ഞ 15 താലൂക്കുകളിൽ 375 മിൽക്കു കാനുകളും 125 സെറ്റ് പാൽ പരിശോധന ഉപകരണങ്ങളും 125 ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾക്കു വാങ്ങി നൽകാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഹരിജനക്ഷേമ പ്രവർത്തനങ്ങൾ

807 [1224] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ഡിപ്പാർട്ടുമെന്റും ചെലവഴിക്കുന്ന സംഖ്യകളിൽ 10 ശതമാനം ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്ക് നീക്കി വയ്ക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷത്തിൽ എത്ര ഹരിജൻ കോളനികളിൽ പുതുതായി റോഡ് നിർമ്മിക്കുകയുണ്ടായി;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കോളനികളിൽ ഇലക്ട്രിസിറ്റി കണക്ഷൻ നൽകുവാനും ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുവാനും സാധിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഹരിജൻ കോളനികളെ ബന്ധിപ്പിക്കുന്ന റോഡുകൾ നിർമ്മിക്കുക എന്ന പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷത്തിൽ ഇതേവരെ 65 റോഡുകൾ പൂർത്തിയായിട്ടുണ്ട്.

(ബി) 1977-78 സാമ്പത്തിക വർഷത്തിൽ 34 ഹരിജൻ കോളനികളിൽ ഇലക്ട്രിസിറ്റി കണക്ഷൻ നൽകുവാനും 13 കോളനികളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുവാനും സാധിച്ചിട്ടുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷത്തിൽ 31-1-1979 വരെ 68 കോളനികളിൽ ഇലക്ട്രിസിറ്റി കണക്ഷനും 27 കോളനികളിൽ ശുദ്ധജല വിതരണപദ്ധതിയും നടപ്പിലാക്കി.

ഹരിജനക്ഷേമോദ്ധാരണ സ്കൂളിന് കെട്ടിടം പണിയാൻ നടപടി

808 [1225] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ സാമൂഹ്യവികസന മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽപ്പെട്ട തലപ്പിള്ളി താലൂക്കിൽ മണ്ടംപറമ്പ് ഹരിജന ക്ഷേമോദ്ധാരണ സ്ക്കൂളിന് മൂന്നു മുറികളുള്ള ഒരു കെട്ടിടം പണിയാൻ 1978-79-ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന പണി ചെയ്തോ;

(ബി) ഇല്ലെങ്കിൽ പണിയുന്നതിനുള്ള തടസ്സമെന്താണ്;

(സി) ഈ കൊല്ലമെങ്കിലും അതിന്റെ പണി നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പണി തീർന്നു.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ഗുരുവായൂർ–പാലക്കാട് റൂട്ടിൽ കൂടുതൽ ട്രാൻസ്പോർട്ട് ബസ്

809 [1227] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെയധികം യാത്രക്കാർ ഉള്ള ഗുരുവായൂർ–പാലക്കാട് റൂട്ടിൽ കൂടുതൽ ട്രാൻസ്പോർട്ട് ബസ്സുകൾ അനുവദിക്കാൻ അനുമതി നൽകുമോ;

(ബി) ഗുരുവായൂർ-പാലക്കാട് റൂട്ടിൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എക്സ്പ്രസ് സർവ്വീസ് തുടങ്ങാൻ തീരുമാനിച്ചത് നടപ്പിലാക്കാതിരിക്കാൻ പ്രത്യേക കാരണമുണ്ടോ;

(സി) ഈ റൂട്ടിൽ എക്സ്പ്രസ് സർവ്വീസ് നടത്തുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ബി) ഗുരുവായൂർ–പാലക്കാട് റൂട്ടിൽ എക്സ്പ്രസ് സർവ്വീസിന് കെ. എസ്. ആർ. ടി. സി. ക്ക് പക്കാ പെർമിറ്റ് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പെർമിറ്റ് നൽകിയതിനെതിരായി ഒരു സ്വകാര്യ ബസ്സുടമ കൊടുത്ത പരാതിയിൻമേൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനമായിട്ടില്ല.

(സി) സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനം കോർപ്പറേഷന് അനുകൂലമായിട്ടാണെങ്കിൽ സർവ്വീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly